നമ്പർ.400270/GGGR07/GPO/2024/5783/(2)

പൂവാർ ഗ്രാമ പഞ്ചായത്ത് ആഫീസ്
പൂവാർ
പൂവാർ. പി.ഒ
തിരുവനന്തപുരം
Phone No:04712210032
E-mail:poovargp@gmail.com

തീയതി : 29/11/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

Internal Vigilence Officer
LSGD, TVM

സർ,

വിഷയം:- തദ്ദേശ അദാലത്ത്- പൂവാർ ഗ്രാമപഞ്ചായത്ത്- അതിയന്നൂർ ബ്ലോക്കിൽ നിന്ന് അനുവദിച്ച വീട് പാറശ്ശാല ബ്ലോക്കിലേയ്ക്ക് മാറ്റി നൽകുന്നത് സംബന്ധിച്ച് ലഭിച്ച പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- ശ്രീ. ലിജു, അയണിനിന്ന, പണ്ടാരവിള വീട്, കാഞ്ഞിരംകുളം സമർപ്പിച്ച പരാതി.

ശ്രീ. ലിജു, അയണി നിന്ന, പണ്ടാരവിള വീട്, കാഞ്ഞിരംകുളം. പി.ഒ എന്നയാൾ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കാഞ്ഞിരംകുളം പഞ്ചായത്തിൽ PMAY ലിസ്റ്റിൽ ഉൾപ്പെട്ട beneficiery ആണ് എന്നാൽ ടിയാൻെറ ഭൂമി പൂവാർ ഗ്രാമപഞ്ചായത്ത് പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. പൂവാർ ഗ്രാമ പഞ്ചായത്ത് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടതാണ്. പൂവാർ ഗ്രാമപഞ്ചായത്ത് PMAY പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയാണ്.

ഈ സാഹചര്യത്തിൽ ടിയാൻ അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് PMAY പദ്ധതിയിൽ കരാർ വച്ചശേഷം അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് PMAY പദ്ധതിയുടെ ജില്ലാ പഞ്ചായത്ത് വിഹിതവും കേന്ദ്ര വിഹിതവും കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കാവുന്നതാണ്. ഒരു ബ്ലോക്ക് പഞ്ചായത്തിൽ PMAY പദ്ധതി പ്രകാരം കരാർ വച്ച ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ Geo- Tag ചെയ്യുന്നതിന് സാധിക്കാത്തതിനാൽ അപ്രകാരം ചെയ്യുന്നതിന് പ്രോജക്ട് ഡയറക്ടറുടെ അനുവാദം തേടേണ്ടതുണ്ട്. അതിനുശേഷം ടിയാന് പാറശ്ശാല

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും PMAY ബ്ലോക്ക് പഞ്ചായത്ത് വിഹിതവും പൂവാർ ഗ്രാമ പഞ്ചായത്ത് വിഹിതവും കൈപ്പറ്റാവുന്നതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നേരിടുന്ന പക്ഷം ടിയാന് അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ PMAY പദ്ധതിക്കുവേണ്ടി കരാർ വച്ചശേഷം പ്രസ്തുത കരാർ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് പ്രോജക്ട് ഡയറക്ടർ തലത്തിൽ നടപടി സ്വീകരിയ്ക്കേണ്ടതുണ്ട് എന്ന വിവരം അങ്ങയുടെ അറിവിനും അനന്തര നടപടികൾക്കുമായി ബോധിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

OFFICE OF THE POOVAR GRAMA PANCHAYAT
POOVAR P.O.
PIN- 695525

സലിൽ എ ജോൺ
സെക്രട്ടറി
പൂവാർ ഗ്രാമപഞ്ചായത്ത്
പൂവാർ പി.ഒ., തിരുവനന്തപുരം ജില്ല
പിൻ-695525, ഫോൺ : 0471-2210337, 9496040623